(ബി) തൊഴിൽ ഇടങ്ങളിലെ നാല് ജീവനക്കാരും ഒരു വനിതാ പൊതു പ്രവർത്തകയും അടങ്ങുന്നതാണ് കംപ്ലയിന്റ് കമ്മിറ്റി - ജീവനക്കാരിൽ ഒരാൾ പുരുഷജീവനക്കാരനായിരിക്കണം. കമ്മിറ്റിക്ക് ചെയർപേഴ്സണും കൺവീനറും ഉണ്ടായിരിക്കുന്നതാണ്. തൊഴിലിടങ്ങളിൽ രൂപീകരിക്കുന്ന കമ്മിറ്റികൾ മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും വർഷത്തിലൊരിക്കൽ സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതുമാണ്. ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിനും ഉചിതമായ നടപടി നിർദ്ദേശിക്കുന്നതിനും സമിതിക്ക് അധികാരമുണ്ട്.

യത്തീംഖാനകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

79 (675) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യത്തീംഖാനകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ നൽകി വരുന്ന ഗ്രാന്റിന്റെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര യത്തീംഖാനകൾക്കാണ് ഗ്രാന്റ് നൽകി വരുന്നത് ; എന്നുവരെയുള്ള ഗ്രാന്റ് നൽകിയിട്ടുണ്ടെന്നും, കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യുമെന്നും വിശദമാക്കുമോ ;

(ഡി) ഗ്രാന്റിനുവേണ്ടിയുള്ള പുതിയ അപേക്ഷകളേതെങ്കിലും തീരുമാനമാകാതെയുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അർഹതയുള്ള സ്ഥാപനങ്ങളുടെ ഗ്രാന്റ് തുക 200 രൂപയിൽനിന്ന് 250-രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഒരു അന്തേവാസിക്ക് പ്രതിമാസം 200 രൂപ പ്രകാരമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്.

(സി) സംസ്ഥാനത്ത് ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരമുള്ള അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ബഗ്ഗർ ഹോമുകൾ, മറ്റു ധർമ്മസ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി ആകെ 528 സ്ഥാപനങ്ങൾക്ക് 2009-10 സാമ്പത്തിക വർഷം ഗ്രാന്റ് നൽകിയിട്ടുണ്ട്. 2010-11 വർഷത്തെ ഗ്രാന്റ് തുകയ്ക്കുള്ള അലോട്ട്മെന്റുകൾ ബഡ്ജറ്റ് വിഹിതത്തിനാനുപാതികമായി ജില്ലാ സാമൂഹ്യക്ഷേമ ആഫീസുകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി ഗ്രാന്റിന് അപേക്ഷിച്ചിട്ടുള്ള 17 അനാഥാലയങ്ങളുടേയും 98 വൃദ്ധസദനങ്ങളുടെയും നിലവിൽ ഗ്രാന്റിന് അനുമതി നൽകിയിട്ടുള്ളതും കൂടുതൽ അന്തേവാസികളെ പാർപ്പിക്കാൻ ഓർഫനേജ് കൺട്രോൾ ബോർഡ് അനുമതി ലഭിച്ചതുമായ 40 അനാഥാലയങ്ങളിലേയും വൃദ്ധസദനങ്ങളിലേയും അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.

സർക്കാർ സർവ്വീസിൽ വ്യാജ വികലാംഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയവർ

80 (678) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വികലാംഗ നിയമനങ്ങളിൽ വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഉപയോഗപ്പെടുത്തി അനർഹർ കടന്നുകൂടിയത് സംബന്ധിച്ച് വികലാംഗ അസോസിയേഷൻ ഓഫ് ഇന്ത്യ, വയനാട് ജില്ലാ കമ്മിറ്റി നൽകിയ പരാതിയിന്മേൽ അന്വേഷണത്തിനും അടിയന്തര റിപ്പോർട്ടിനുമായി സാമൂഹ്യക്ഷേമ ഡയറക്ടർ, വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ എന്നിവർക്ക് അയച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതി സെക്രട്ടറിയുടെ ഓഫീസ് മേൽപ്പറഞ്ഞ മേധാവികൾക്ക് എന്നാണ് അയച്ചുകൊടുത്തതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ ;

(സി) ഈ വിഷയത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിലെ നിയമനത്തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ വികലാംഗ സർട്ടിഫിക്കറ്റ് ഉപയോഗപ്പെടുത്തി സർക്കാർ സർവ്വീസിൽ കയറിയ കേൾവി തകരാറും അസ്ഥിവൈകല്യവുമുള്ളവരെ കൂടുതൽ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ 2606/എ2/08/സാക്ഷേവ നം. ഫയലിലെ 11-3-2008 തീയതിയിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ SCPWD എന്നിവർക്കും 20-10-08-ൽ വയനാട് ജില്ലാ കളക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ, വയനാട് ജില്ലാ കളക്ടർ എന്നിവർ റിപ്പോർട്ട് നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly